വഴിവെളിച്ചം

# സ്നേഹം നൽകുക സ്നേഹം വാങ്ങുക

عَن أَبِى هُرَيْرَةَ رَضِيَ اللَّهُ عَنهُ قَالَ: قَبَّلَ رَسُولُ اللَّهِ ﷺ الْحَسَنَ بْنُ عَلِيّ وَعِندَهُ الأَقْرَعَ بْنُ حَابِسِ التَّمِيمِي جَالِسًا فَقَالَ : إِنَّ لِى عَشْرَةَ مِنَ الْوَلَدِ. مَا قَبَّلْتُ مِنْهُمْ أَحَدًا . فَنَظَرَ اِلَيْهِ رَسُولُ اللَّهِ ﷺ ثُمَّ قَالَ : مَنْ لَا يَرْحَمُ لَا يُرْحَمُ.

---

അബൂഹുറയ്റ(റ)യിൽനിന്ന്: അദ്ദേഹം പറഞ്ഞു: നബി(സ) അലിയുടെ പുത്രൻ ഹസനെ ചുംബിച്ചു. നബി(സ)യുടെ അടുത്ത് അഖ്റഅ്ബ്നു ഹാബിസ്(റ) ഇരിക്കുന്നുണ്ടായിരുന്നു. അദ്ദേഹം പറഞ്ഞു: "എനിക്ക് പത്ത് സന്താനങ്ങളുണ്ട്. ഞാൻ അവരിൽ ഒരാളെയും ചുംബിച്ചിട്ടില്ല." അപ്പോൾ നബി(സ) അദ്ദേഹത്തെ നോക്കിപ്പറഞ്ഞു: "കരുണ ചെയ്യാത്തവന് കരുണ ലഭിക്കുകയില്ല" (ബുഖാരി).

---

**അല്ലാഹു** നമ്മുടെ കൈയിലേൽപിച്ച വിലയേറിയ രത്നങ്ങളാണ് മക്കൾ. ഭൂമിയിൽ സഞ്ചരിക്കുന്ന നമ്മുടെ കരളിന്റെ കഷ്ണങ്ങൾ. അവരെ അതിരറ്റ് സ്നേഹിക്കണം. വാത്സല്യത്തോടെ വളർത്തണം. മാതാപിതാക്കളിൽ ഈ ഉദാത്ത സ്നേഹം ജ്വലിച്ചു നിൽക്കണം. കുട്ടികളോട് കരുണ കാട്ടാത്തവന് ദൈവകാരുണ്യം ലഭിക്കുകയില്ല. സ്നേഹപൂർവം മക്കളെ ചുംബിക്കാൻ സമയം

കണ്ടെത്താത്ത സമകാലിക സമൂഹത്തിൽ ഏറെ പ്രസക്തിയുള്ള ഹദീസാണിത്.

ഈ കാര്യത്തിൽ മഹാനായ പ്രവാചകനാണ് നമുക്ക് മാതൃക. അനസ്(റ) പറയുന്നു: "റസൂലിനേക്കാൾ സന്തതികളോട് കാരുണ്യം കാണിക്കുന്ന ഒരാളെയും ഞാൻ കണ്ടിട്ടില്ല" (മുസ്‌ലിം).

ഒരിക്കൽ പ്രവാചകനും അനുചരന്മാരും നമസ്കാരത്തിലായിരുന്നു. അവിടുത്തെ സുജൂദ് പതിവിലേറെ നീണ്ടുപോയി. റസൂലിന് വല്ല അപകടവും പിണഞ്ഞോ എന്ന ആശങ്കയിലായി അവർ. നമസ്കാരത്തിൽനിന്ന് വിരമിച്ച ശേഷം കാരണമാരാഞ്ഞപ്പോൾ കിട്ടിയ പ്രതികരണം ഇങ്ങനെ: "എന്റെ മകൻ ഹസൻ ഞാൻ സുജൂദിലായിരിക്കെ ചുമലിൽ കയറി. അവന്റെ ആഗ്രഹം തീരുംമുമ്പ് അവനെ താഴെയിറക്കേണ്ടെന്നു കരുതി."

പള്ളിയിൽ സ്ത്രീകളുടെ ഭാഗത്തു നിന്ന് കുട്ടികളുടെ കരച്ചിൽ കേട്ടാൽ നബി(സ) നമസ്കാരം പെട്ടെന്ന് അവസാനിപ്പിക്കും. ഉമ്മമാർ വിഷമിക്കാതിരിക്കാനാണിതെന്ന് നബി(സ) പിന്നെ വിശദീകരിച്ചിട്ടുണ്ട്. മക്കൾക്ക് സ്നേഹവും കാരുണ്യവും ചൊരിഞ്ഞു വളർത്തുന്ന മാതാപിതാക്കൾക്ക് സ്വർഗം ഉറപ്പാണെന്ന് നബി(സ) പറഞ്ഞു. ഒരു കാരണവശാലും കുട്ടികൾക്ക് സ്നേഹം നിഷേധിക്കാൻ പാടില്ലെന്നാണ് ഇതെല്ലാം സൂചിപ്പിക്കുന്നത്.

ഒരിക്കൽ ഉമർ(റ) ഒരാളെ ഉദ്യോഗത്തിൽ നിയമിച്ചു. ജോലി ഏറ്റെടുക്കാൻ ഉമറി(റ)നോടൊപ്പം അയാൾ ഓഫീസിലെത്തി. ഏതാനും കുട്ടികൾ അവിടെ ഉണ്ടായിരുന്നു. ഉമർ അവരെ ഉമ്മവെച്ചു. ഉദ്യോഗാർഥിക്കത് സഹിച്ചില്ല. "ഛെ , ഇതെന്ത്? അല്ലാഹുവാണ, ഇന്നേവരെ എന്റെ മക്കളെ ഞാൻ ചുംബിച്ചിട്ടില്ല" അയാൾ നീരസത്തോടെ പറഞ്ഞു. "ജനങ്ങളോട് കരുണയും സ്നേഹവും കാണിക്കാത്തവന്റെ ലക്ഷണമാണിത്. ഈ പണിക്ക് നിങ്ങളെ പറ്റില്ല. നിങ്ങൾക്ക് പോകാം" ഉമർ ദേഷ്യത്തോടെ പറഞ്ഞു.

പ്രവാചകൻ കുട്ടികളെ സ്നേഹിക്കുക മാത്രമല്ല ആ സ്നേഹം അവരെ അറിയിക്കുക കൂടി ചെയ്തിരുന്നു. പലരും പറയുന്ന ഒരുകാര്യം സ്നേഹം മനസ്സിൽ മതിയെന്നാണ്. ചുമയും സ്നേഹവും ഒളിച്ചുവെക്കരുതെന്ന് പറയാറുണ്ട്. സ്നേഹം മനസ്സിൽ സൂക്ഷിച്ചു വെക്കേണ്ട ഒന്നല്ല. തന്നെ മാതാപിതാക്കൾ സ്നേഹിക്കുന്നുണ്ടെന്ന് കുട്ടി അറിയണം. സ്നേഹം ഉള്ളിൽ സൂക്ഷിക്കുന്ന രക്ഷിതാക്കൾ മക്കളിൽനിന്ന് സ്നേഹം ലഭിക്കണമെന്ന് ആശിക്കുന്നതിൽ ഒരർഥവുമില്ല.

നൽകുന്നവർക്ക് തിരിച്ചു ലഭിക്കുന്ന അമൂല്യനിധിയാണ് സ്നേഹം. ആദാന പ്രദാനത്തിന്റെ സ്വഭാവം അതിനുണ്ട്. സ്നേഹ നിരാസം കുട്ടികളെ ക്രൂരന്മാരും സാമൂഹിക വിരുദ്ധരുമാക്കും. കുട്ടികളുടെ ശാരീരികവും മാനസികവുമായ വളർച്ചക്ക് നിരുപാധിക സ്നേഹമാണാവശ്യം.

മക്കൾക്ക് സ്നേഹവും കാരുണ്യവും വാരിക്കോരി നൽകണം. അവരെ ചുംബിക്കണം. ഒപ്പമിരുത്തി ഭക്ഷണം കഴിക്കണം. മനസ് തുറന്നു ഇടപെടണം. കുട്ടികളുമായി കൂട്ടുകൂടണം.

തനിക്കായി പ്രാർഥിക്കുന്ന ഒരു സന്താനത്തെ ബാക്കിയാക്കി മരിക്കാൻ ആഗ്രഹിക്കുന്ന മാതാപിതാക്കൾ ഓർക്കേണ്ട കാര്യവും ഇതുതന്നെ. ■

**അബ്ദുൽ ജബ്ബാർ കൂരാരി**